കബളിപ്പിച്ചിട്ടുള്ള കേസാണ്. അധികാരത്തിൽ വന്ന് നാല് കൊല്ലമായിട്ടും എന്തുകൊണ്ട് ആ കേസ് പരിഹരിച്ച് സർക്കാരിൽ വരേണ്ട പണം വരുത്താൻ ശ്രമിക്കുന്നില്ല?

ശ്രീ. സി. എഫ്. തോമസ്: രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് വഴിവിട്ട കാര്യങ്ങൾ ചെയ്യാനോ തെറ്റ് ചെയ്യാനോ ഒന്നും തയ്യാറല്ല. നിഷ്പക്ഷമായി ഗവൺമെന്റിന് കിട്ടേണ്ട വരുമാനം കിട്ടത്തക്കവണ്ണം എല്ലാ കാര്യങ്ങളിലും വളരെ കരുതലോടെയാണ് നീങ്ങുന്നത്. ഗവൺമെന്റിന് കിട്ടേണ്ട വരുമാനം കുറയ്ക്കാനോ തെറ്റ് കാണിക്കാനോ ഒന്നും ഞങ്ങൾ തയ്യാറല്ല. നേരെയുള്ള കാര്യങ്ങൾ നടക്കണമെന്നേയുള്ളൂ. മെമ്പർ പറഞ്ഞതിൽ എന്തെങ്കിലുമുണ്ടെങ്കിൽ ഞങ്ങൾ പരിശോധിക്കാം.

വിദേശ കപ്പലുകളുടെ ലൈസൻസ്

*2 [29] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*
,, *വി. കെ. സി. മമ്മത്കോയ:*
,, *അഡ്വ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കേരള അതിർത്തിയിലെ കടലിൽ നിന്ന് വിദേശ കപ്പലുകൾ ഇപ്പോൾ മത്സ്യബന്ധനം നടത്തിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിദേശ കപ്പലുകൾക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്യുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ;

(സി) മത്സ്യ സംസ്ക്കരണ/കയറ്റുമതി മേഖലയിലെ വിദേശ കമ്പനികളുടെ വൻതോതിലുള്ള കടന്നുവരവ് മത്സ്യത്തൊഴിൽ രംഗത്തുണ്ടാക്കുന്ന പ്രതിസന്ധിയെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ മത്സ്യബന്ധന മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) & (ബി) ഇപ്പോൾ മത്സ്യബന്ധനം നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 1991-ൽ നിലവിൽ വന്ന കേന്ദ്ര സർക്കാരിന്റെ ആഴക്കടൽ നയം പരിശോധിക്കുന്നതിനായി രൂപീകരിച്ച ശ്രീ. മുരാരി ചെയർമാനായുള്ള കമ്മിറ്റിയുടെ ഒരു പ്രധാന ശുപാർശ ആഴക്കടൽ മത്സ്യബന്ധനത്തിന് • വിദേശ കമ്പനികൾക്ക് നൽകിയ ലൈസൻസ് റദ്ദുചെയ്യണമെന്നായിരുന്നു. ഈ ശുപാർശ നടപ്പിലാക്കാൻ കേന്ദ്രത്തോട് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിലൊരു പ്രതിസന്ധി സംജാതമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ മത്സ്യസംസ്ക്കരണ/കയറ്റുമതി മേഖലയിൽ വിദേശ കമ്പനികൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) വിദേശക്കപ്പലുകളുടെ പേരിൽ പ്രതിസന്ധി ഉണ്ടായിട്ടില്ലെങ്കിലും 26-12-2004-ലെ സുനാമിക്കുശേഷം ഈ മേഖലയിൽ സംജാതമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി. കേടുവന്ന/നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടപരിഹാരമായി മത്സ്യഫെഡ് 13 കോടി രൂപയ്ക്കുള്ള ഉത്തരവുകൾ നൽകുകയും 5.47 കോടി രൂപയ്ക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി. നഷ്ടപ്പെട്ട ഉണക്ക മത്സ്യം, കൂടം, ചാപ്പ, കുറ്റിവല, ഊന്നിവല തുടങ്ങിയവയ്ക്ക് 2 കോടി രൂപയും അനുവദിക്കുകയുണ്ടായി. യന്ത്രവൽക്കൃത ബോട്ടുകൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംഭവിച്ച നഷ്ടത്തിന്റെ 60% നൽകുന്നതിനായുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പൊതുവായ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള മറുപടി കേട്ടാൽ തോന്നും ഈ മേഖലയ്ക്കകത്ത് വിദേശ സ്വകാര്യ കമ്പനികളുടെ പ്രശ്നം നിലവിലില്ലെന്ന്. എന്നാൽ നേരത്തെ ഇതേ സഭയിൽ ഇന്നത്തെ മന്ത്രി തന്നെ ഉന്നയിച്ചിട്ടുള്ള ഒരു സബ്മിഷന് മറുപടിയായി ജനുവരിയിൽ 11 വിദേശ സ്വകാര്യ കപ്പലുകൾക്ക് കേരളത്തിന്റെ കടലോരത്തിൽ മൽസ്യബന്ധനത്തിന് അനുമതി നൽകിയിട്ടുണ്ടെന്ന് ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. മൽസ്യബന്ധന മേഖലാ വികസനം സംബന്ധിച്ച് 2003 ജനുവരിയിൽ അംഗീകരിച്ചിട്ടുള്ള മൽസ്യവികസന പരിപാലനനയത്തിൽ 22 കിലോമീറ്റർ ചുറ്റളവുള്ള കേരളത്തിന്റെ തീരത്ത് ഒരു കാരണവശാലും ഇത് അനുവദിക്കില്ലെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ട്രോളിംഗ് നിരോധിക്കുന്ന ഘട്ടത്തിൽപ്പോലും വിദേശ കപ്പലുകൾ യഥേഷ്ടം കടന്ന് വന്ന് മൽസ്യബന്ധനം നടത്തുന്നുവെന്നുള്ളതാണ് സ്ഥിതി. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് വലിയ തോതിലുള്ള ഉൽപാദന നഷ്ടം ഉണ്ടാകുന്നുണ്ട്. അതിന് നടപടികൾ സ്വീകരിക്കുമോ; അത് തടയുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ ആവശ്യം കൊണ്ടു വരുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: വിദേശ ട്രോളറുകൾക്ക് അനുമതി കൊടുത്തിട്ടുണ്ടായെന്ന് ഞങ്ങൾ എം. പി. ഇ. ഡി. എ.യോട് ചോദിച്ചപ്പോൾ അവർ അയച്ച ഉത്തരത്തിൽ As far as we know, Ministry of Agriculture, Government of India has issued permission to Indian Companies to operate fully Indian owned deep sea fishing vessels in the Indian EEZ, the details of such permission or licence issued by MOA, Government of India are not available with MPEDA എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് ലൈസൻസ് കൊടുത്തിരുന്നത് വിദേശ കമ്പനികൾക്കല്ല എന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. നമ്മൾ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നടപ്പാക്കുന്ന 45 ദിവസത്തെ ട്രോളിംഗ് ബാനിന് പുറമേ ജൂൺ തൊട്ട് ആഗസ്റ്റ് 5 വരെ 65 ദിവസത്തേക്ക് ഗവൺമെന്റ് ഓഫ് ഇൻഡ്യ നോട്ടിഫൈ ചെയ്തിരിക്കുന്ന ട്രോളിംഗ് ബാൻ ഉണ്ട്. ഇതിന്റെ അർത്ഥം ഈ ലൈസൻസ് കൊടുത്ത ഷിപ്പുകൾക്കും 65 ദിവസം ഇൻഡ്യൻ തീരത്ത് മൽസ്യബന്ധനം നടത്താൻ കഴിയില്ല. മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഇതിന് അനുബന്ധമായി മൽസ്യമേഖലയ്ക്കകത്ത് നടപ്പാക്കുന്ന കുറേ പദ്ധതികളെ സംബന്ധിച്ച് മന്ത്രി പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ മേഖലയ്ക്കകത്തുള്ള 27 പദ്ധതികളിൽ 21 പദ്ധതികളെ സംബന്ധിച്ച് എന്തെങ്കിലും അപേക്ഷ പോലും സ്വീകരിക്കുന്നില്ലെന്നുള്ളതാണ് സത്യം. അതുപോലെ കേന്ദ്രഗവൺമെന്റ് നേരത്തെ ശ്രീ. വീരേന്ദ്രകുമാറിന്റെ സബ്മിഷന് മറുപടിയായി വിലകുറച്ചുള്ള ഡീസൽ കൊടുക്കാനുള്ള പദ്ധതി കൊടുക്കാമെന്ന് പറഞ്ഞിരുന്നു. ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? നിലവിലുള്ള 21 പദ്ധതികളുടേയും കാര്യങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നില്ല. അതുപോലെ തന്നെ കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ള പദ്ധതികളെ സംബന്ധിച്ചും കേരളം ഒന്നും സമർപ്പിച്ചിട്ടില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് മന്ത്രി എന്ത് നിലപാടാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങിവിടെ ഉദ്ദേശിച്ചത് എനിക്ക് തോന്നുന്നു വെൽഫെയർ ഫണ്ട് ബോർഡ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചാണെന്ന്. വെൽഫെയർ ഫണ്ട് ബോർഡ് നടപ്പാക്കുന്ന ഒരു പദ്ധതിയും ഗവൺമെന്റ് മാറ്റി വച്ചിട്ടില്ല, എന്നു മാത്രമല്ല 1996-നുശേഷം വെൽഫെയർ ഫണ്ട് ബോർഡിന് കയറ്റുമതിക്കാരുടെ ഒരു പൈസപോലും സുപ്രീം കോടതി വിധിമൂലം ലഭിച്ചിട്ടില്ല. അത് തിരിച്ചു പിടിക്കുന്നതിനുവേണ്ടിയുള്ള നിയമ നിർമ്മാണത്തിന് ഒരു ബിൽ സർക്കുലേറ്റ് ചെയ്തിരിക്കുകയാണ്. എല്ലാവരും കൂടി സഹായിക്കുമെങ്കിൽ ഈ സമ്മേളന കാലത്ത് തന്നെ നിയമം പാസ്സാക്കി എക്സ്പോർട്ടേഴ്സിൽ നിന്ന് ഒരു ശതമാനം പിടിക്കുന്നതിന് കഴിയും. അങ്ങ് ഇവിടെ പറഞ്ഞ മറ്റൊരു കാര്യമായ ഡീസൽ സബ്സിഡിക്ക് ഇത്തവണത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ ടോക്കണായി മാറ്റിവച്ചിട്ടുണ്ട്. എത്ര ബോട്ട് കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഒരു പിടിയും ഇല്ല. മംഗലാപുരത്തു നിന്നും തമിഴ്നാട്ടിൽനിന്നും ബോട്ടുകൾ വരുന്നു. കേരളത്തിൽ എം. പി. ഇ. ഡി. എ. യുടെ കണക്ക് പ്രകാരം 4689 small boats have been registered by MPEDA എന്നാണ് പറഞ്ഞിരിക്കുന്നത്. അത്രയുമല്ല, ആറായിരം ഏഴായിരത്തോളം ബോട്ടുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ഡീസൽ സബ്സിഡി ഫലപ്രദമായി എങ്ങനെ നൽകാൻ കഴിയും, ആർക്കൊക്കെ കൊടുക്കാൻ കഴിയും എന്നതിനെക്കുറിച്ച് ഒരു ചർച്ച ഗവൺമെന്റ് ആരംഭിക്കാൻ പോകുകയാണ്. ട്രോളിംഗ് ബാൻ ഉള്ള സമയത്തുതന്നെ ബോട്ട് ഉടമകളുമായി ചർച്ച നടത്തി ഡീസൽ സബ്സിഡി അവർക്ക് കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. 80 ശതമാനം കേന്ദ്രവും 20 ശതമാനം സ്റ്റേറ്റുമാണ് എടുക്കുന്നത്. ഈ നിലയ്ക്ക് 5 ലക്ഷം രൂപ ഗവൺമെന്റ് മാറ്റിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ: വിദേശ കപ്പലുകൾക്ക് അന്താരാഷ്ട്ര വിലയായ 10 രൂപ, 12 രൂപയ്ക്കാണ് ഡീസൽ ലഭിക്കുന്നത്. നമ്മുടെ മൽസ്യത്തൊഴിലാളി കൾക്ക് 29 രൂപയാണ് വില വരുന്നത്. വില കുറച്ചുകൊടുക്കുന്നതിനുവേണ്ടി കേരളം സ്കീം സമർപ്പിച്ചാൽ സഹായം അനുവദിക്കാമെന്ന് കേരള എം. പി. മാർക്ക് ഉറപ്പ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽനിന്ന് ഏതെങ്കിലും സ്കീം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കേന്ദ്രത്തിൽനിന്ന് പ്രത്യേകമായ സ്കീമൊന്നും പറഞ്ഞിട്ടില്ല. പരമ്പരാഗത തൊഴിലാളികൾ ഇപ്പോൾ ഡീസൽ ഉപയോഗിക്കുന്നില്ല. അവർ മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. അത് ഇപ്പോഴും നമ്മൾ കൊടുക്കുന്നുണ്ട്. ഡീസൽ ഉപയോഗിക്കുന്നത് കേരളത്തിലെ ബോട്ടുകളിലാണ്. അവരിൽ കുറേ മുതലാളിമാരുണ്ട്. കുറേ വർക്കേഴ്സുണ്ട്. ആ മേഖലയും നിലനിൽക്കേണ്ടത് ആവശ്യമാണെന്നു കരുതി സബ്സിഡി കൊടുക്കാൻ തീരുമാനമായിട്ടുണ്ട്. എങ്ങനെ ഫലപ്രദമായി കൊടുക്കാൻ കഴിയും എന്നുള്ളത് ആലോചിക്കണം. അല്ലെങ്കിൽ ഇതിൽ ധാരാളം തട്ടിപ്പ് നടക്കും. അതുകൊണ്ട് ഇത് എങ്ങനെ ഫലപ്രദമായി നടപ്പാക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ബോട്ട് ഓണേഴ്സുമായി കൂടി ഗവൺമെന്റ് ചർച്ച ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: തീരദേശ പരിസ്ഥിതി പരിപാലനത്തിൽ മൽസ്യമേഖലയ്ക്കും വിവേ സംരക്ഷണത്തിനും മുൻതൂക്കം നൽകുമെന്ന് പറഞ്ഞു. ഒരു മൽസ്യമേഖലാനയം സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതു സംബന്ധിച്ച് വല്ല നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? അനധികൃത കരിമണൽ ഖനനം നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്താത്തതെന്തുകൊണ്ടാണ്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: മൽസ്യമേഖലാ പരിപാലന നയം ഈ ഗവൺമെന്റ് ഒരു കമ്മിറ്റിയെ വച്ച് പാസാക്കിയതാണ്. ഇവിടെ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ആശങ്കകൾ നേരത്തെ അറിയിച്ചിട്ടുണ്ട്. ഇത് നോക്കേണ്ടതും മറ്റ് ഡിപ്പാർട്ടുമെന്റുകളാണ്. ഈ ഡിപ്പാർട്ടുമെന്റ് ആശങ്കകൾ അറിയിച്ചിട്ടുണ്ട്. അത് നോക്കേണ്ട വകുപ്പുകൾ നോക്കും. ഈ വകുപ്പിന്റെ അഭിപ്രായം ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരം അത്യന്തം പ്രതിഷേധാർഹവും ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ളതുമാണ്. ഈ സഭയിൽത്തന്നെ നൽകിയിട്ടുള്ള മറുപടികൾക്ക് ഐ. എൻ. ടി. യു. സി. അടക്കം മുഴുവൻ മൽസ്യത്തൊഴിലാളി യൂണിയനുകളും എടുത്തുവരുന്ന സമീപനം വിരുദ്ധമായിട്ടുള്ളതാണ്. അങ്ങ് നൽകിയ മറുപടിയിൽ മുരാരി കമ്മിറ്റിയുടെ ശുപാർശ വിദേശ കമ്പനികളുടെ ലൈസൻസ് റദ്ദ് ചെയ്യണമെന്നുള്ളതാണെന്നും അതിന് കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. എന്നിട്ട് വിദേശ കമ്പനികളില്ലെന്ന വിരുദ്ധമായിട്ടുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുമാത്രമല്ല അരൂരുള്ള അമാൽഗം ഫാക്ടറി, ഹിന്ദുസ്ഥാൻ ലിവർ ഫാക്ടറി തുടങ്ങിയവർ ഇന്ന് സമരം ഏറ്റെടുത്തിട്ടുണ്ട്. സംയുക്ത സംരംഭങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അതുകൊണ്ട് ആരെ ഉദ്ധരിച്ചിട്ടാണെങ്കിലും മന്ത്രി നൽകിയ മറുപടി വസ്തുതാ വിരുദ്ധമാണ്. ഇതിന്റെയടിസ്ഥാനത്തിൽ വിദേശ ട്രോളറുകൾ വിദേശ കമ്പനിക്കാർ ഇവരുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ബഹുമാനപ്പെട്ട ഡോക്ടർ മുഴുവൻ പറിക്കാത്തതുകൊണ്ട് പറയുകയാണ്. 1991-ൽ കേന്ദ്രഗവൺമെന്റ് ആഴക്കടൽ ഫിഷിംഗ് ലൈസൻസ് കൊടുത്തു. ആ ലൈസൻസ് പരിശോധിക്കാനാണ് മുരാരി കമ്മിറ്റിയെ വച്ചത്. ആ കമ്മിറ്റിയുടെ ശുപാർശയ്ക്ക്ശേഷം പിന്നീട് ഫോറിൻ വെസൽസിന് കൊടുക്കില്ലെന്ന് കേന്ദ്രഗവൺമെന്റ് ശുപാർശ ചെയ്തു. ഇപ്പോൾ എം. പി. ഇ. ഡി. എ. യുടെ ഉത്തരത്തിലും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. Boats registered with Kerala and by MPEDA; ഞങ്ങൾ ഒരു കാസ്റ്റ്യൻ ചോദിച്ചതാണ് Foreign companies registered with MPEDA for export and import of fish and other fish products. അതിന്റെ ആൻസർ No foreign companies for export and import of fish and fish products is registered with MPEDA. ഇൻഡ്യയിൽ നിന്ന് വിദേശത്തേയ്ക്ക് മത്സ്യം കയറ്റി അയയ്ക്കുന്നതിന്റെ ഉത്തരവാദിത്തം എം. പി. ഇ. ഡി. എ.-യ്ക്കാണ്. അവർ തന്ന ഉത്തരമാണ് ഒരു വിദേശ കമ്പനിയും ഇവിടെ പ്രോസസ്സിംഗിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടില്ല. അതാണ് ഞാൻ പറഞ്ഞത്. ഇനി എം. പി. ഇ. ഡി. എ. തന്ന ഉത്തരം തെറ്റാണെങ്കിൽ നമ്മുടെ എം.പി.മാരോട് പറഞ്ഞ് പാർലമെന്റിൽ നമുക്ക് തിരുത്തിക്കാം.

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞ് കുഴച്ചുകൊണ്ടിരിക്കുകയാണ്. ബി-ക്ക് ഉത്തരമായി അദ്ദേഹം പറയുന്നു, വിദേശ കപ്പലുകളുടെ പേരിൽ ഒരു പ്രതിസന്ധിയും കേരളത്തിൽ ഉണ്ടായിട്ടില്ല, സുനാമികൊണ്ടാണ് കേരളത്തിലെ മത്സ്യ മേഖലയിൽ പ്രതിസന്ധി ഉണ്ടായിരിക്കുന്നത് എന്ന് കേരളത്തിലുള്ള മുഴുവൻ മത്സ്യത്തൊഴിലാളി യൂണിയനുകളും ഈ സഭയിൽത്തന്നെ എത്രയോ പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ള കാര്യമാണിത്. വിദേശ കപ്പലുകളുടെ കാര്യമാണ്. മത്സ്യ സംസ്ക്കരണത്തിനുവേണ്ടി വിദേശ കപ്പലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ലെന്നാണ് എം. പി. ഇ. ഡി. എ. പറയുന്നത്. പക്ഷേ ചോദ്യത്തിൽ വിദേശ കപ്പലുകൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്നാണ് എം.പി.ഇ.ഡി.എ.-യുടെ ഉത്തരം വച്ച് വിദേശ കപ്പലുകൾ ഇല്ല എന്നു പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സംസ്ഥാന ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കകത്ത് നിന്നുകൊണ്ടുള്ള ഉത്തരമേ പറയാൻ കഴിയൂ. കേരളത്തിന് ആകെയുള്ളത് 12 നോട്ടിക്കൽ മൈൽ മാത്രമാണ്. അതിനകത്ത് വിദേശ കപ്പലുകൾ പ്രവർത്തിക്കുന്നില്ല എന്ന് ധൈര്യമായി എനിക്ക് പറയാൻ കഴിയും. ഇത് തടയുന്നതിന് വേണ്ടി മറൈൻ എൻഫോഴ്സ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ തന്നെ ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതിന് ഏകദേശം 16 ബോട്ടുകൾ അവർ വാടകയ്ക്ക് എടുത്തിട്ടുണ്ട്. അത് കൂടാതെ നമ്മുടെ കോസ്റ്റ് ഗാർഡുകളുണ്ട്. അവർക്ക് കൊച്ചിയിലും വിഴിഞ്ഞത്തും ആസ്ഥാനമുണ്ട്. ബേപ്പൂരും സ്റ്റേഷൻ ആരംഭിക്കാൻ പോകുന്നു. 12 നോട്ടിക്കൽ മൈലിന് അപ്പുറം കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റ് പോലും 65 ദിവസം അതായത് ജൂൺ ഒന്നു മുതൽ ഓഗസ്റ്റ് അഞ്ചു വരെ ട്രോളിൽ ബാൻ ആണെന്ന് പറഞ്ഞിട്ടുണ്ട്. അവർ ഒരു കപ്പലും അനുവദിക്കില്ല. അങ്ങനെ നിരോധനമുള്ള സമയത്ത് വിദേശ കപ്പലുകൾ ഉണ്ടെന്ന് എങ്ങനെ പറയാൻ കഴിയും?

പ്രൊഫ. കെ. വി. തോമസ്: കേരള സമൂഹത്തിൽ ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. സുനാമി വന്നതിനുശേഷം അവരുടെ ജീവിതക്ലേശം വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ കുടിവെള്ളം, റോഡ്, സാനിറ്റേഷൻ, വീട് എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് ന്യായമായ വില ലഭിക്കുന്നതിനും ഒരു ട്രോളിൽ പാക്കേജ് ഗവൺമെന്റ് കൊണ്ടുവരുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങയുടെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ കുറേക്കൂടി മോടിയായി കൊണ്ടുപോകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. സുനാമി വന്ന ശേഷം നമ്മുടെ തീരപ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവിടെ വീടുകൾ നഷ്ടപ്പെട്ടു എന്നുള്ളതാണ്. ഇപ്പോൾ തന്നെ മുവായിരത്തിലധികം വീടുകൾ പുതുതായി വച്ചുകൊടുക്കുന്നുണ്ടെങ്കിലും അതിന്റെ എത്രയോ ഇരട്ടി വീടുകൾ വാസയോഗ്യമല്ല എന്ന് ഗവൺമെന്റിന് ബോധ്യമുണ്ട്. എന്നു മാത്രമല്ല, ഡിപ്പാർട്ടുമെന്റ് നടത്തിയ സർവ്വേയിലും 25,000-ത്തോളം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വീടില്ലെന്നും അതിൽ ഏകദേശം 20,000-ത്തോളം പേർക്ക് സ്വന്തമായി ഭൂമിയില്ലെന്നുമാണ് കണ്ടെത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ഭൂമി വാങ്ങി വീടുവച്ച് കൊടുക്കുന്ന ഒരു വലിയ പദ്ധതിയെപ്പറ്റി ആലോചിക്കുകയാണ്. എന്നുമാത്രമല്ല ഈയാഴ്ചയിൽ തന്നെ തീരദേശ വികസന ഏജൻസി രജിസ്റ്റർ ചെയ്യുകയുമാണ്. ഈ വർഷം രണ്ടുകോടി രൂപ അതിലേക്ക് മാറ്റി വച്ചിട്ടുണ്ട്. ഈ വികസന ഏജൻസി ഫലപ്രദമായിക്കഴിഞ്ഞാൽ തീർച്ചയായും അങ്ങ് ഉദ്ദേശിച്ചതുപോലെ ഒരു ട്രോളിൽ പാക്കേജ് നമുക്ക് നടപ്പാക്കാൻ കഴിയും. ഇപ്പോൾ തന്നെ എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഏകദേശം അയ്യായിരത്തോളം ഫിഷർമെൻ കുടുംബങ്ങൾ ജപ്തിയുടെ ഭീഷണിയിലാണ്. നിരവധി പേർ ബാങ്കുകളിൽ നിന്ന് കടം എടുത്തിട്ടുണ്ട്. നിരവധി പേർ സഹകരണ ബാങ്കുകളിൽ നിന്നും കടമെടുത്തിട്ടുണ്ട്. മത്സ്യഫെഡിൽ നിന്നും കടമെടുത്തിട്ടുണ്ട്. ഒരു പൈസ അടയ്ക്കാൻ കഴിയുന്നില്ല. അങ്ങനെ കടത്തിൽ ആണ്ടു നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനുള്ള ഒരു ടോട്ടൽ പാക്കേജിനുവേണ്ടി ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതോടൊപ്പം തന്നെ കടൽഭിത്തി ശക്തിപ്പെടുത്തുന്നതിന് ലോക ബാങ്കും എ. ഡി. ബി.- യുമായുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത അഞ്ചാറ് വർഷംകൊണ്ട് തീരദേശ മേഖല സംഘർഷരഹിതമാക്കുക, അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ചോദ്യം ഡി-യുടെ ഉത്തരത്തിൽ സുനാമി ബാധിതരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച ചില നടപടികൾ വിശദീകരിക്കുകയുണ്ടായി. അതിൽ മന്ത്രി പറഞ്ഞത് നാശനഷ്ടം സംഭവിച്ചവർക്ക് അവരുടെ സാധനങ്ങളുടെ 60 ശതമാനം നഷ്ടപരിഹാരം കൊടുക്കുമെന്നായിരുന്നു. മത്സ്യത്തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി വച്ച് അങ്ങനെ കൊടുക്കുന്നതുകൊണ്ട് ഒരു കാര്യവുമില്ല. അതുകൊണ്ട് അവർക്ക് പൂർണ്ണമായുള്ള നഷ്ട പരിഹാരം കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. സുനാമി ബാധിതരെ സഹായിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ കിട്ടിയ ഫണ്ട് കടലോര മേഖലയ്ക്ക് കൊടുക്കാതെ മലയോര മേഖലയ്ക്ക് കൊടുത്തതായി കേരള കൗമുദി പത്രം ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ വല്ല വസ്തുതയും ഉണ്ടോ? ഇങ്ങനെ സുനാമി ബാധിതരെ സഹായിക്കുന്നതിന് പകരം മറ്റ് ജില്ലകളിലേക്ക് ഡൈവർട്ട് ചെയ്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് മന്ത്രി വിശദീകരിക്കാമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : അങ്ങ് ചോദിച്ചത് നന്നായി. ഞാൻ 60 ശതമാനം എന്നു പറഞ്ഞത് കേന്ദ്ര ഗവൺമെന്റ്, Sub: Tsunami of 26th December 2004- Rajiv Gandhi rehabilitation package of Tsunami affected areas - Central assistance given to Kerala. ഇവരുടെ ഉത്തരമാണ്. ആ ഉത്തരത്തിൽ അവർ പറഞ്ഞിരിക്കുന്നത് ആകെ അലോട്ട് ചെയ്തിരിക്കുന്ന പാക്കേജിൽ 245.94 + 342 എന്നാണ് കൊടുത്തിരിക്കുന്നത്. അതിൽ ഫിഷർമെൻ സബ്സിഡി സി. ആർ. എഫ്. എൻ. സി. സി. എഫ്. 44.85 കോടി രൂപയാണ്. അതിൽ ഒരൊറ്റ ഐറ്റത്തിന് മാത്രമേ ഫുൾ സബ്സിഡി പറഞ്ഞിട്ടുള്ളൂ. അതു കട്ടമരത്തിനാണ്. ബാക്കിയെല്ലാം 50%, 35%, 60% ഒക്കെയാണ്. എങ്കിലും സംസ്ഥാന ഗവൺമെന്റ് മത്സ്യഫെഡ് വഴി സംഘങ്ങൾക്ക് കൊടുത്തിരിക്കുന്നത് 13 കോടി രൂപയാണ്. അത് മുഴുവൻ 100 ശതമാനം സബ്സിഡിയാണ്. അതിന്റെ അർത്ഥം അതിൽ വരുന്ന ഏഴരക്കോടി രൂപ സംസ്ഥാന ഗവൺമെന്റ് നൽകണമെന്നുള്ളതാണ്. എന്ന് മാത്രമല്ല സുനാമിക്ക് ശേഷം 11.41 കോടി രൂപവരെ ആനുകൂല്യമായി കൊടുത്തു. കുട്ടികളുടെ ലംപ്സം ഗ്രാന്റ് 6.56 കോടി രൂപ. മരിച്ചവർക്ക് വേണ്ടി 1.29 കോടി രൂപ, വാർദ്ധക്യകാല പെൻഷൻ 3.89 കോടി രൂപ അങ്ങനെ 11.41 കോടി രൂപയും മത്സ്യഫെഡ് വഴി കൊടുത്ത 50 ശതമാനവും ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

17 കോടി രൂപ സംസ്ഥാന ഗവൺമെന്റാണ് കൊടുത്തിട്ടുള്ളത്. സി. എം. ആർ. എഫ്.-ൽ നിന്നും കൊടുത്തിട്ടുള്ളതാണ്. ഉത്തരവിന്റെ കോപ്പി ഞാൻ വയ്ക്കാം. കേന്ദ്ര ഗവൺമെന്റ് നയം 60%, 35% കൊടുക്കണമെന്നാണെങ്കിലും പരമ്പരാഗത തൊഴിലാളികൾക്ക് മുഴുവൻ ഞങ്ങൾ കൊടുക്കുന്നത് സൗജന്യമാണ്. വളരെ ട്രാൻസ്പേരന്റായി മുഴുവൻ കൊടുക്കുകയാണ്. ബോട്ടുകാർ കൂടെക്കൂടി സമ്പന്നരായതിനാൽ അവർക്ക് മുഴുവൻ കൊടുക്കുന്നകാര്യം പരിഗണിക്കാൻ കഴിയില്ല. പരമ്പരാഗത മേഖലയിൽ ഞങ്ങൾ മുഴുവൻ കൊടുക്കുകയാണ്. ബോട്ടുകാർക്കും മറ്റുള്ളവർക്കും 60% കൊടുക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സുനാമി ഫണ്ട് ഡൈവർട്ട് ചെയ്തിട്ടില്ലേ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സുനാമി ഫണ്ട് ഡൈവർട്ട് ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട അംഗം ഒരു കാര്യം മനസ്സിലാക്കണം. സുനാമിക്കുവേണ്ടി പ്രത്യേകമായി ഒരു ഫണ്ടില്ല. മുഖ്യമന്ത്രിയുടെ ഫണ്ട് സ്ഥിരമായുള്ള ഫണ്ടാണ്. അതിലേയ്ക്കാണ് ഈ പണം മുഴുവൻ വരുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സുനാമിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് തന്നതെല്ലാം സുനാമിക്കുവേണ്ടി ചെലവാക്കുന്നതിനുവേണ്ടി പ്രത്യേകമായി റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ബോർഡ് അത് കൈകാര്യം ചെയ്യുന്നുണ്ട്. അതല്ലാതെ സുനാമിയുമായി ബന്ധപ്പെട്ട് സി. എം.-ന്റെ റിലീഫ് ഫണ്ടിൽ തുക വന്നിട്ടുണ്ട്. അതിന് പ്രത്യേകമായ കണക്കില്ല. അതേ അവസരത്തിൽ ഈ ഫണ്ട് മുഴുവൻ അവർക്കുവേണ്ടിത്തന്നെ ചെലവാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കാത്ത തുക ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രി പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റ് ചില പ്രത്യേക നോംസ് പറഞ്ഞിട്ടുണ്ട്. അതിൽ വള്ളങ്ങൾക്ക് ഇത്ര കൊടുക്കണം, ഇത്ര ശതമാനം കൊടുക്കാം എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ കേരള ഗവൺമെന്റ് തീരുമാനിച്ചത് അവർക്ക് മുഴുവൻ കൊടുക്കാമെന്നാണ്. അത് മുഴുവൻ കൊടുക്കുന്നത് നമുക്ക് സുനാമി ഫണ്ടിന് കേന്ദ്ര ഗവൺമെന്റ് തന്ന ഫണ്ടിൽ നിന്ന് കൊടുക്കാൻ പറ്റില്ല. കൊടുത്താൽ കേന്ദ്ര ഗവൺമെന്റ് അത് വകവച്ചു തരില്ല എന്നു മാത്രമല്ല അങ്ങനെ ചെലവാക്കിയിട്ടുണ്ടെങ്കിൽ അതും നമുക്ക് കിട്ടേണ്ട ഷെയറിൽ നിന്ന് കട്ട് ചെയ്തിട്ട് ബാക്കി തുകയേ കിട്ടുകയുള്ളൂ. അതാണ് നിയമം. അതുകൊണ്ട് പല ഐറ്റങ്ങളിലായി ചെലവാക്കുന്നത് മുഴുവൻ സി.എം.-ന് കിട്ടിയ ഫണ്ടിൽ നിന്നാണ്. സുനാമിയുമായി ബന്ധപ്പെട്ട് സി.എം.-ന് കൂടുതൽ ഫണ്ട് കിട്ടിയിട്ടുണ്ട്. അതിൽ നിന്നാണ് ചെലവാക്കിക്കൊണ്ടിരിക്കുന്നത്. ഇടുക്കിയിലേക്ക് ഈ ഫണ്ടിൽ നിന്ന് ചെലവാക്കിയിട്ടില്ല. പക്ഷേ ആ ഫണ്ടിൽ നിന്നും ഇടുക്കിയിൽ ചെലവാക്കിയിട്ടുണ്ടെങ്കിൽ, ഇതുമായി ഒരു ബന്ധവുമില്ല. ഇതിന് ഒരു പ്രത്യേക കണക്കുണ്ട്. ഫണ്ട് ഒന്നാണ്. സി.എം-ന്റെ ഡി. ആർ. എഫ്.-ൽ നിന്നും അവിടെ ആർക്കെങ്കിലും എന്തെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ ഇതിൽ ബാധകമാകില്ല. ആകെ ഒരു ഫണ്ടാണ് ഉള്ളത്. കളക്ട് ചെയ്ത് ആളുകൾ തന്നത് മുഖ്യമന്ത്രിയുടെ ഫണ്ടിലേക്കാണ്. അല്ലാതെ സുനാമി ഫണ്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ ചോദ്യം വിദേശകപ്പലുകളുടെ ലൈസൻസ് ആണ്. നമ്മൾ ചോദ്യത്തിൽ നിന്നും മാറിപ്പോയി. സുനാമിയുടെ കാര്യം സാന്ദർഭികമായി പറഞ്ഞു എന്നേയുള്ളൂ. അല്ലാതെ ഫണ്ടിനെപ്പറ്റിയല്ല. .....(ബഹളം).....

പ്രതിപക്ഷനേതാവ് *(ശ്രീ വി. എസ്. അച്ചുതാനന്ദൻ):* മന്ത്രി തന്നെ പറഞ്ഞ ഉത്തരത്തിൽ നിന്നുൽഭവിച്ച ന്യായമായ ഒരു ചോദ്യമാണ് ചോദിച്ചത്. പത്രങ്ങളിൽ വന്ന വാർത്ത പല തരത്തിൽ ഈ സുനാമി ബാധിതരായി ക്യാമ്പുകളിലൊക്കെ ക്ലേശിച്ചു കഴിയുന്ന ആളുകളെ രോഷാകുലരാക്കത്തക്ക തരത്തിൽ അവരുടെ ഫണ്ട് മറ്റു തരത്തിലേക്ക്, റവന്യൂവിലേക്ക് പോയതുകൊണ്ടായിരിക്കുമെന്ന് തോന്നുന്നു. റവന്യൂ ആകുമ്പോൾ പല സ്ഥലത്തേക്കും എടുത്തെറിയാമല്ലോ? അങ്ങനെ പത്രത്തിൽ വരികയും ചെയ്തു. ഗവണ്മെന്റിന്റെ refutation ഒന്നും വന്നുമില്ല. അപ്പോൾ സ്വാഭാവികമായിട്ടും ഗവണ്മെന്റിൽ നിന്ന് അതുസംബന്ധിച്ച സംശയ നിവൃത്തി വരുത്തി. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്ന് മെമ്പർമാരെ അറിയിക്കേണ്ടതല്ലേ? അതിന്റെ അടിസ്ഥാനത്തിൽ ഇതു ചോദിച്ചതാണ്. അത് ധനകാര്യ വകുപ്പുമന്ത്രിയോ, ഫിഷറീസ് വകുപ്പുമന്ത്രിയോ ആരാണെന്നു വച്ചാൽ അവരുടെ സംശയം ദൂരീകരിച്ച് പാവപ്പെട്ടവർക്കായി അയച്ചിട്ടുള്ള പണം ഒരു തരത്തിലും ദുരുപയോഗപ്പെടുത്തിയിട്ടില്ലായെന്ന് ശക്തമായി പറഞ്ഞ് ഈ ഉൽക്കണ്ഠ അവസാനിപ്പിക്കുകയല്ലേ വേണ്ടത്? ഇടുക്കിക്കാർക്ക് അവരുടെ മറ്റ് ദുരിതത്തിന് പൈസ കൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. പക്ഷെ സുനാമി ഫണ്ടിൽ നിന്ന് ഇത്തരത്തിൽ പോയിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഇല്ല. സി.എമ്മിന് ഒരു സ്ഥിരം ഫണ്ട് ഉണ്ട്. ആ ഫണ്ടിലേക്കാണ് ആളുകൾ തരുന്നത്. ആ ഫണ്ടിൽ നിന്നും ഇപ്പോഴും നമ്മൾ ചികിത്സിക്കാൻ കൊടുക്കുന്നുണ്ട്. സുനാമി വന്നു എന്നു കരുതി ആ ഫണ്ടിൽ നിന്നും ഒരു തുകയും ആർക്കും കൊടുക്കാതിരിക്കാനൊന്നും പറയാൻ ഒക്കില്ല. രോഗികൾക്ക് ചികിത്സയ്ക്കു കൊടുക്കുന്നുണ്ട്, കാൻസർ ബാധിച്ച രോഗികൾക്ക് കൊടുക്കുന്നുണ്ട്. എല്ലാം ആ ഫണ്ടിൽ നിന്നു തന്നെയാണ് കൊടുക്കുന്നത്. പക്ഷെ ഇതിൽ വിശേഷിച്ച് സുനാമി വന്നതിനുശേഷം കിട്ടിയിട്ടുള്ള ആ ഫണ്ടിനെല്ലാം പ്രത്യേക കണക്കുണ്ട്. ഒരു വലിയ തുക ചെലവായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നമുക്ക് കൊടുക്കാൻ കഴിയാത്തതെല്ലാം സംസ്ഥാനഗവണ്മെന്റിന്റെ ബഡ്ജറ്റിൽ നിന്ന് കൊടുക്കാൻ കഴിയാത്തതുകൊണ്ട് അത് സി.എമ്മിന്റെ ഫണ്ടിൽ നിന്നാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ യാതൊരു സംശയവും വേണ്ട. ഇത് ഡൈവേർട്ട് ചെയ്തില്ല. ഇത് കേന്ദ്രത്തിൽ നിന്നു കിട്ടിയതായാലും ശരി, സംസ്ഥാനത്ത് സി.എമ്മിന്റെ ഫണ്ടിൽ നിന്നു കിട്ടിയതായാലും ശരി, ഈ വിഭാഗം ആളുകളുടെ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമേ ചെലവാക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[6-7-2005-ലെ നക്ഷത്രചിഹ്നമിട്ട *2(29)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

1. കടൽ രക്ഷാപ്രവർത്തനം
2. വയർലെസ് സംവിധാനം
3. നാടൻ വള്ളങ്ങളുടെ നവീകരണത്തിന് സബ്സിഡി
4. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി
5. സംയോജിത മത്സ്യവികസന പരിപാടി അനുസരിച്ചുള്ള വായ്പയും സബ്സിഡിയും
6. എൻ.എം.ഡി.എഫ്.സി., എൻ.ബി.സി. എഫ്.ഡി.സി.-യിൽ നിന്നുള്ള വായ്പയ്ക്കുള്ള മാർജിൻ മണി സഹായം
7. ഉൾനാടൻ ജലാശയങ്ങളിലും ജലസംഭരണികളിലും കുട്ടനാട്ടിലെ നെൽപ്പാടങ്ങളിലും എറണാകുളം പൊക്കാളി നിലങ്ങളിലും മത്സ്യക്കൃഷി പ്രോൽസാഹിപ്പിക്കാൻ നടപ്പാക്കിയ പദ്ധതികൾ
8. കൂടുതൽ മത്സ്യബന്ധന തുറമുഖങ്ങളും ലാന്റിംഗ് സെന്ററുകളും
9. ഫിഷറീസ് റോഡുകളും ആശുപത്രികളും
10. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള 10 ബോർഡിംഗ് സ്കൂളുകൾ
11. ഭവന നിർമ്മാണ പദ്ധതി
12. സമ്പാദ്യ സമാശ്വാസ പദ്ധതി
13. മത്സ്യത്തൊഴിലാളി പെൻഷൻ
14. മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
15. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും മത്സ്യബോർഡ് ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ
16. മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ
17. അലങ്കാര മത്സ്യക്കൃഷി വ്യാപിപ്പിക്കൽ
18. കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കൽ

GPM. 2/359/2012.—36

LIBRARY ARCHIVES Kerala Legislative Assembly

19. മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി 'സാഫ്' എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തു.

ഇതുകൂടാതെ മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകൽ, 20 മീറ്ററിൽ താഴെയുള്ള ബോട്ടുകൾക്ക് ഡീസൽ സബ്സിഡി, രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിന് ജി.പി.എസ്., വയർലെസ് സെറ്റ് തുടങ്ങിയ ഉപകരണങ്ങൾ നൽകൽ എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

അനുബന്ധം II

[6-7-2005-ലെ നക്ഷത്രചിഹ്നമിട്ട *11(38)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

* റവന്യൂകമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായവിധം കടത്തിന്റെ സ്ഥായിയായ മാനേജ്മെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘ വീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ധനസംബന്ധമായ ഉത്തരവാദിത്വ ആക്ട് 2003 പുറപ്പെടുവിച്ചു.

* സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റു ഗ്യാരണ്ടികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി ആക്ട് 2003 നടപ്പിലാക്കിയിട്ടുണ്ട്.

* കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർ വിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

* പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃസംഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly